ഉത്തരം

(എ & ബി) ഈ പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിക്കാത്തതാണ് പാലം നിർമ്മാണം തടസ്സപ്പെടാൻ കാരണം. ഇതു സംബന്ധിച്ച് കോടതിയിൽ നിലവിലുള്ള സ്റ്റേ നീക്കി എത്രയും വേഗം പണികൾ പൂർത്തിയാക്കാൻ ശ്രമങ്ങൾ നടത്തിവരുന്നു.

മലപ്പുറം മഞ്ഞമ്മാട് കടവ് പാലത്തിന്റെ നിർമ്മാണം

141 [1372] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ഞമ്മാട് കടവ് പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) നബാർഡ് സഹായത്തോടെ ഈ പാലം പണി നടത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. നബാർഡിന്റെ അംഗീകാരം ലഭിച്ചാലുടൻ പണി ആരംഭിക്കാൻ കഴിയും.

ആറാട്ടുപ്പുഴ-ശാസ്താംകടവ് പാലത്തിന്റെ നിർമ്മാണവും അതിന്റെ അപ്രോച്ച് റോഡുകളുടെ നിർമ്മാണവും

142 [1373] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ആറാട്ടുപ്പുഴ-ശാസ്താംകടവ് പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്ര; ഇതിൽ പാലത്തിന്റെ നിർമ്മാണ ചെലവ് എത്ര;

(ബി) ഈ പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ; ഏതൊക്കെ റോഡുകളാണ് പണിയുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പാലത്തിലേക്കുള്ള തേവർ റോഡും ഊരകം പല്ലിശ്ശേരി റോഡും വീതികൂട്ടി പുനർനിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഈ രണ്ട് റോഡുകളുടേയും പുനർനിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly